"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - ജീവനക്കാര്യം - മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് - എറണാകുളം കളക്ടറേറ്റിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീമതി ലിജി എബ്രഹാം - ന്റെ മാതാവിന്റെ ചികിത്സ കോട്ടയം കാരിത്താസ് ആശുപത്രിയിൽ നടത്തിയതിന് ചെലവായ തുക പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (റ്റി) വകുപ്പ്

സ.ഉ.(സാധാ) നം.1214/2024/RD തീയതി,തിരുവനന്തപുരം, 21-05-2024

---

പരാമർശം:-

1. ശ്രീമതി ലിജി എബ്രഹാം സമർപ്പിച്ച 28.04.2022 ലെ അപേക്ഷ.
2. എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസറുടെ 08.11.2023 ലെ സി3-4743/2023 നമ്പർ കത്ത്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 13.05.2022, 19.12.2023 എന്നീ തീയതികളിലെ എൽ.ആർ./5320/2022-എൽ.ആർ.(ജി7) നമ്പർ കത്തുകൾ.

**ഉത്തരവ്**

റവന്യൂ വകുപ്പിൽ എറണാകുളം കളക്ടറേറ്റിലെ ഓഫീസ് അറ്റൻഡന്റ് ആയ ശ്രീമതി ലിജി എബ്രഹാമിന്റെ മാതാവിന്റെ ചികിത്സ കോട്ടയം കാരിത്താസ് ആശുപത്രിയിൽ 31/01/2022 മുതൽ 04/02/2022 വരെ നടത്തിയതിന് ചെലവായ ₹38,696/- റീ-ഇമ്പേഴ്സ് ചെയ്യുന്നതിനായി പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ ജില്ലാ മെഡിക്കൽ ഓഫീസറുടെ പരിശോധനാ റിപ്പോർട്ട് സഹിതം അനുമതിക്കായി പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. എറണാകുളം കളക്ടറേറ്റിലെ ഓഫീസ് അറ്റൻഡന്റ്, ശ്രീമതി ലിജി എബ്രഹാമിന്റെ മാതാവിന്റെ ചികിത്സ കോട്ടയം കാരിത്താസ് ആശുപത്രിയിൽ റഫറൽ ഒ.പി. ടിക്കറ്റ്, അപ്പൻഡിക്സ് II എന്നിവയുടെ അഭാവത്തിൽ 31/01/2022 മുതൽ 04/02/2022 വരെ നടത്തിയതിന്, 1960 ലെ KGSMA ചട്ടങ്ങളിൽ ഇളവ് അനുവദിച്ച്, ഒരു പ്രത്യേക കേസായി പരിഗണിച്ച് പൂർവ്വകാലാനുമതി നൽകിയും, പ്രസ്തുത ചികിത്സയ്ക്ക് ചെലവായ 38,696/-രൂപയിൽ പരാമർശം (2) പ്രകാരം എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയത അറിയിച്ച തുകയായ 24,885/- രൂപയുടെ 80% ആയ 19,908/- (പത്തൊമ്പതിനായിരത്തി തൊള്ളായിരത്തി എട്ട് രൂപ) മാത്രം പ്രതിപൂരണം ചെയ്ത് നൽകുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നിസ്സാർ .എ
അണ്ടർ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം. (മെഡിക്കൽ ബില്ലുകൾ സഹിതം)
ജില്ലാ കളക്ടർ, എറണാകുളം.
ശ്രീമതി ലിജി എബ്രഹാം., ഓഫീസ് അറ്റൻഡന്റ്, ജില്ലാ കളക്ടറേറ്റ്, എറണാകുളം. (ലാൻഡ് റവന്യൂ

കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്. (29.04.2024 ലെ 2771990/ലോൺസ്-എൽ1/105/2024-ധന നമ്പർ റിമാർക്സ് പ്രകാരം)

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്. (20.12.2022 ലെ ജി2/845/2022/ഹെൽത്ത് നമ്പർ റിമാർക്സ് പ്രകാരം)

വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്-സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.(REV-T1/137/2022-REV)

ഉത്തരവിൻ പ്രകാരം

Signed by
Sindhu Beegum M S
Date: 22-05-2024 10:45:30

സെക്ഷൻ ഓഫീസർ